**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4240** **18-07-2022 - ൽ മറുപടിയ്ക്ക്**

**കോട്ടയം ജില്ലയിലെ മീറ്റ് ദി മിനിസ്റ്റർ പരിപാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വകുപ്പിന്റെ മീറ്റ് ദി മിനിസ്റ്റർ പരിപാടി എല്ലാ ജില്ലകളിലും പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം ജില്ലകളിലാണ് പൂർത്തീകരിക്കാനുള്ളത്; | (എ) | ഇല്ല.<br>വയനാട്, ഇടുക്കി ജില്ലകളിലാണ് മീറ്റ് ദി മിനിസ്റ്റർ പരിപാടി സംഘടിപ്പിക്കുവാനുള്ളത്. |
| (ബി) | കോട്ടയം ജില്ലയിൽ നടത്തിയ മീറ്റ് ദി മിനിസ്റ്റർ പരിപാടിയിലൂടെ എത്ര പരാതികൾ ലഭിച്ചുവെന്നും, ഇവയിൽ എത്രയെണ്ണം തീർപ്പാക്കിയെന്നും വ്യക്തമാക്കുമോ; | (ബി) | കോട്ടയം ജില്ലയിൽ വച്ച് 19/07/2021 ൽ നടത്തപ്പെട്ട മീറ്റ് ദി മിനിസ്റ്റർ പരിപാടിയിൽ 128 പരാതികൾ ലഭിച്ചിട്ടുണ്ട്. ലഭിച്ച പരാതികളിൽ 115 പരാതികൾ ഇതിനോടകം തീർപ്പാക്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പരിപാടിയിലൂടെ എന്തെല്ലാം നേട്ടങ്ങളാണ് ഉണ്ടായിട്ടുള്ളത്; വിശദാംശം നൽകുമോ? | (സി) | സംസ്ഥാനത്ത് ഇടുക്കി, വയനാട് ജില്ലകളിൽ ഒഴികെ എല്ലാ ജില്ലകളിലും സംഘടിപ്പിച്ച മീറ്റ് ദി മിനിസ്റ്റർ പരിപാടിയിൽ ആകെ 1434 പരാതികളാണ് ലഭിച്ചിരുന്നത്. ഇതിൽ 1092 പരാതികൾ ഇത് വരെ തീർപ്പാക്കിയിട്ടുണ്ട്. (76.15 %). സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിലെ സംരംഭകരുടെ വിവിധ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും ആയവയ്ക്ക് നിയമ പ്രകാരം സാധ്യമായ ശാശ്വത പരിഹാര മാർഗങ്ങൾ കാണുന്നതിനും മീറ്റ് ദി മിനിസ്റ്റർ പരിപാടിയിലൂടെ സാധിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിൽ നിന്നും ലൈസൻസ്/ നിരാക്ഷേപ പത്രങ്ങൾ ലഭിക്കുന്നതിന് ഉണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിലേക്കായി രൂപീകരിച്ച സ്ഥിരം പരാതി പരിഹാര സംവിധാനമായ Grievance Redressal System ഇത്തരത്തിലുണ്ടായതാണ്. ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾ മുഖേനയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. 5 കോടി രൂപ വരെ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാ കമ്മിറ്റിക്കും 5 കോടിയിൽ കൂടുതൽ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും, ജില്ലാ കമ്മിറ്റിയുടെ തീരുമാനത്തിനുമേലുള്ള അപ്പീലും സംസ്ഥാന കമ്മിറ്റിക്കാണ് നൽകേണ്ടത്. ഈ |

| | | | |
|---|---|---|---|
| | | | സംവിധാനം കാര്യക്ഷമമായും സമയബന്ധിതമായും പ്രവർത്തിപ്പിക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്.<br>കൂടാതെ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എംഎസ്എംഇ ക്ലിനിക്ക് പദ്ധതി ആരംഭിച്ചത് മീറ്റ് ദി മിനിസ്റ്റർ പരിപാടിയിൽ സംരംഭകർ ഉന്നയിച്ച ആവശ്യങ്ങളുടെ കൂടി അടിസ്ഥാനത്തിലാണ്. അതോടൊപ്പം താലൂക്ക് വ്യവസായ ഓഫീസുകളെ സംരംഭക സൗഹൃദ ഫെസിലിറ്റേഷൻ സെന്ററുകൾ ആക്കി മാറ്റുന്നതിന്റെ ഭാഗമായി താലൂക്ക് വ്യവസായ ഓഫീസുകളിൽ റിസോഴ്സ് പേഴ്സണെ നിയമിക്കുകയും ചെയ്തു. ഇത്തരത്തിൽ സംരംഭകരുടെ പരാതികൾ പരിഹരിക്കുന്നത് വേഗത്തിലാക്കുന്നതിനും സർക്കാരും വകുപ്പും വ്യവസായ സൗഹൃദമാണെന്ന് സംരംഭകരെ ബോധ്യപ്പെടുത്തുന്നതിനും മീറ്റ് ദി മിനിസ്റ്റർ പരിപാടി മുഖേന സാധിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ